**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5867** **04.11.2016 -ൽ മറുപടിക്ക്**

## മെയിൻ സെൻട്രൽ റോഡിന്റെ നവീകരണം

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) മെയിൻ സെൻട്രൽ റോഡിന്റെ തൈക്കാട് മുതൽ ചെങ്ങന്നൂർ ഭാഗം വരെ കെ.എസ്.റ്റി.പി.യിൽ ഉൾപ്പെടുത്തി ഉപരിതല നവീകരണത്തിന് ടെൻഡർ ക്ഷണിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ; എസ്റ്റിമേറ്റിൽ എന്തെല്ലാം പ്രവൃത്തികളായിരുന്നു വിഭാവനം ചെയ്തിരുന്നതെന്ന് വിശദമാക്കുമോ; | (എ) ലോകബാങ്കിന്റെ അംഗീകാരത്തോടു കൂടി സേഫ്റ്റി കോറിഡോർ പദ്ധതിയിൽ ഉൾപ്പെടുത്തി എം.സി റോഡിന്റെ തൈക്കോട് മുതൽ അടൂർ വരെയുള്ള റോഡ് ഭാഗത്തിന്റെ ഉപരിതലം പുതുക്കൽ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയായി വരുന്നു. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ റോഡിന്റെ ഉപരിതലം പുതുക്കൽ, നിലവിലുള്ള ഓടകളുടെ നവീകരണം, ആവശ്യമുള്ളിടത്ത് പുതിയ ഓടകളുടെ നിർമ്മാണം, രണ്ട് പാലങ്ങളുടെ പുനരുദ്ധാരണം, ജംഗ്ഷനുകളുടെ വികസനം, നടപ്പാത ഉൾപ്പെടെയുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ബി) പ്രസ്തുത പ്രവൃത്തിയുടെ കരാർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) & (സി) പ്രസ്തുത പ്രവൃത്തിയുടെ എഗ്രിമെന്റ് വെച്ച് പ്രവൃത്തി ഉടനെ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**